# പതിനാലാം കേരള നിയമസഭ
## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4981** **27/10/2016-ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.യു. ആർ. പ്രദീപ് | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്ത് സ്വന്തമായി വീടില്ലാത്ത എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളുണ്ടെന്ന് അറിയിക്കുമോ? | എ) നിലവിലുള്ള സ്ഥിതി വിവരകണക്കുകളുടെ അടിസ്ഥാനത്തിൽ 4000 ത്തോളം മത്സ്യത്തൊഴിലാളികൾ ഭവനരഹിതരും 11024 കുടുംബങ്ങൾ ഭൂരഹിത ഭവന രഹിതരുമാണ്. കൂടാതെ കടലാക്രമണഭീഷണി നിരന്തരം നേരിടുന്ന കടലോരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 24851 പേരും ഉണ്ട്. ഇതിൽ 4320 പേർ മത്സ്യത്തൊഴിലാളി ഇതരവിഭാഗക്കാരാണ്. ഇവരെ പൂർണ്ണമായും പുനരധിവസിപ്പിക്കേണ്ടതാണ്. മത്സ്യമേഖലയിൽ സമ്പൂർണ്ണ ഭവന പദ്ധതി നടപ്പാക്കാൻ സർക്കാർ ആലോചിച്ചുവരുന്നു. ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് (NIRD) മുഖേന 2010-ൽ നടത്തിയ പഠനത്തെ ആധാരമാക്കിയാണ് നിലവിലുള്ള ഭവനരഹിതരുടെ എണ്ണം കണക്കാക്കിയിട്ടുള്ളത്. പുതിയ ഒരു പഠനം സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നടത്തുന്നതാണ്. |

**സെക്ഷൻ ആഫീസർ**